ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 08.11.2026 | പ്രധാന വാർത്തകൾ | TIME : 12.50 PM

1. രാജ്യമെമ്പാടും ദീപാവലി ആഘോഷത്തിൽ. ജനങ്ങൾക്ക് ആശംസ നേർന്ന് രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ.

The entire nation is celebrating Diwali. Dignitaries, including the President, Vice President, and Prime Minister, extended their greetings to the people.

2. ഛത്തീഗഡിലെ ബസ്തറിൽ സേനാംഗങ്ങളോടൊപ്പം ദീപാവലി ആഘോഷിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. നക്സൽ ഭീഷണി നേരിട്ടിരുന്ന ഇടങ്ങളിൽ ഇപ്പോൾ വികസനം പുരോഗമിക്കുകയാണെന്ന് പ്രധാനമന്ത്രി.

Prime Minister Narendra Modi celebrated Diwali with security personnel in Bastar, Chhattisgarh. The Prime Minister noted that development is now progressing in areas that were previously plagued by the Naxal threat.

3. നിശ്ചയിക്കപ്പെട്ട ഗുണമേന്മയിൽ തന്നെയാണ് പൊതുമേഖലാ എണ്ണ കമ്പനികൾ രാജ്യത്തുടനീളം E20 പെട്രോൾ വിതരണം ചെയ്യുന്നതെന്ന് പെട്രോളിയം-പ്രകൃതിവാതക മന്ത്രാലയം.

The Ministry of Petroleum and Natural Gas has stated that public sector oil companies are supplying E20 petrol across the country in strict adherence to the prescribed quality standards.

4. ഇസ്രായേലിൽ മുൻ പ്രതിപക്ഷ നേതാവും, സൈനിക മേധാവിയുമായ ഗാഡി ഐസൻകോ ട്ട് പുതിയ പ്രധാനമന്ത്രിയാകും.

Gadi Eizenkot, a former opposition leader and military chief, is set to become the new Prime Minister of Israel.

5. കേരളത്തിൽ ബുധനാഴ്ച വരെ ശ ക്തമായ മഴയ്ക്ക് സാധ്യത. കോട്ടയം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

Heavy rain is expected in Kerala until Wednesday. A 'yellow alert' has been issued for the districts of Kottayam and Idukki today.

6. ഏഷ്യാകപ്പ് അണ്ടർ - 19 പുരുഷ ക്രിക്കറ്റിൽ പാകിസ്ഥാനെതിരെ ഇന്ത്യയുടെ ബാറ്റിംഗ് പുരോഗമിക്കുന്നു.

India's batting is underway against Pakistan in the Under-19 Men's Asia Cup cricket tournament.

❁❁❁❁❁❁❁❁❁❁❁

HEADLINES-1

DIWALI WISHES

രാജ്യമെമ്പാടും ദീപാവലി ആഘോഷത്തിൽ. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി

ഉൾപ്പെടെയുള്ള പ്രമുഖർ ദീപാവലി ആശംസകൾ നേർന്നു. ഇരുട്ടിനുമേൽ വെളിച്ചത്തിന്റെയും, തിന്മയ്ക്കുമേൽ നന്മയുടെയും, അസത്യത്തിനുമേൽ സത്യത്തിന്റെയും സാർവത്രിക വിജയത്തെയാണ് ദീപാവലി ആഘോഷിക്കുന്നതെന്ന് ഉപരാഷ്ട്രപതി സമൂഹമാധ്യമ കുറിപ്പിൽ പറഞ്ഞു.

❁❁❁❁❁❁❁❁❁❁

HEADLINES-2

PM DIWALI BASTAR (INTRO)

ഛത്തീഗഡിലെ ബസ്തറിൽ സേന അംഗങ്ങളോടൊപ്പം ദീപാവലി ആഘോഷിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. നക്സൽ ഭീഷണി നില നിന്നിരുന്ന ബസ്തറിൽ സൈനികർ നൽകിയ ത്യാഗങ്ങളുടെ ഫലമായി വികസനം വന്നു തുടങ്ങിയതായി അദ്ദേഹം അഭിപ്രായപ്പെട്ടു. നക്സൽ ഭീഷണി ഒഴിവാക്കാൻ സാധിച്ച ആദ്യ ദീപാവലി ആണ് ഇതെന്നും ശ്രീ മോദി പറഞ്ഞു. (വോയിസ് - പ്രധാനമന്ത്രി)

*കഴിഞ്ഞ 12 വർഷമായി സൈനികർക്കൊപ്പമാണ് പ്രധാനമന്ത്രി ദീപാവലി ആഘോഷിക്കുന്നത്. ഇന്ത്യൻ നിർമ്മിത വിമാനവാഹിനി **INS** വിക്രാന്തിൽ ആയിരുന്നു കഴിഞ്ഞ വർഷം അദ്ദേഹം ആഘോഷങ്ങളിൽ പങ്കെടുത്തത്.*

❁❁❁❁❁❁❁❁❁❁

WORLD LEADERS – DIWALI WISHES

ദീപാവലി ആഘോഷങ്ങളോടനുബന്ധിച്ച് ലോകനേതാക്കളും നയതന്ത്ര പ്രതിനിധികളും ആശംസകൾ നേർന്നു. യു.എ.ഇ വൈസ് പ്രസിഡൻറും ദുബായ് ഭരണാധികാരിയുമായ ഷെയ്ഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം, ദീപാവലി സമാധാനവും സന്തോഷവും സമൃദ്ധിയും കൊണ്ടുവരട്ടെയെന്ന് ആശംസിച്ചു. ഇന്ത്യയിലെ യൂറോപ്യൻ യൂണിയൻ, നോർവേ, ജർമനി, ഡെൻമാർക്ക്, ദക്ഷിണ കൊറിയ, ജപ്പാൻ എന്നീ രാജ്യങ്ങളുടെ നയതന്ത്ര പ്രതിനിധികളും ദീപാവലി ആഘോഷങ്ങളിൽ പങ്കുചേർന്നു. അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് വൈറ്റ് ഹൗസിൽ ദീപം തെളിയിക്കൽ ചടങ്ങിൽ പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁

RAJNATH – SIKKIM INTRO

ഇന്ത്യ-ചൈന അതിർത്തിയിൽ വിന്യസിച്ചിരിക്കുന്ന സൈനികർക്കൊപ്പം സിക്കിമിൽ ദീപാവലി ആഘോഷിച്ച് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. അച്ചടക്കമാണ് സേനകളുടെ മുഖമുദ്രയെന്ന് സൈനികരെ അഭിസംബോധന ചെയ്യവെ അദ്ദേഹം പറഞ്ഞു. അച്ചടക്കമില്ലെങ്കിൽ ആധുനിക സാങ്കേതിക വിദ്യ പൂർണതോതിൽ പ്രയോജനപ്പെടുത്താൻ സാധിക്കില്ലെന്നും ശ്രീ. രാജ്നാഥ് സിംഗ് അറിയിച്ചു. (വോയിസ്- രാജ്നാഥ് സിംഗ്)

❁❁❁❁❁❁❁❁❁❁

CM – DIWALI

കേരളത്തിലെ ജനങ്ങൾക്ക് ഗവർണർ ഓം പ്രകാശ് മാഥൂറും മുഖ്യമന്ത്രി വി.ഡി. സതീശനും ദീപാവലി ആശംസകൾ നേർന്നു. ആഘോഷത്തിന്റെ പ്രകാശം ഓരോ വീടുകളിലും സന്തോഷവും ആരോഗ്യവും ഐശ്വര്യവും നിറയ്ക്കട്ടെയെന്നും രാഷ്ട്രത്തിന്റെ വളർച്ചയ്ക്കും ഐക്യത്തിനും വഴിയൊരുക്കട്ടെയെന്നും ഗവർണർ ആശംസിച്ചു. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും വെളിച്ചം പരത്തുന്നതാകണം ദീപാവലി ആഘോഷമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁

WB-KALI PUJA

പശ്ചിമ ബംഗാളിൽ ശ്യാമപൂജ എന്നറിയപ്പെടുന്ന കാളീപൂജ പരമ്പരാഗത ആചാരങ്ങളോടെയും ഭക്തിനിർഭരമായും ഇന്ന് ആഘോഷിക്കുന്നു. രാജ്യത്തിന്റെ പല ഭാഗങ്ങളിലും ദീപാവലിയോടൊപ്പമാണ് കാളീപൂജയും നടക്കുന്നത്.

❁❁❁❁❁❁❁❁❁❁

HEADLINES-3

PETROLEUM MIN- E20 CLARIFICATION

നിശ്ചയിക്കപ്പെട്ട ഗുണമേന്മയിൽ തന്നെയാണ് പൊതുമേഖലാ എണ്ണ കമ്പനികൾ രാജ്യത്തുടനീളം E20 പെട്രോൾ വിതരണം ചെയ്യുന്നതെന്ന് പെട്രോളിയം-പ്രകൃതിവാതക മന്ത്രാലയം. സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ വിൽക്കുന്ന പെട്രോളിൽ എഥനോൾ കൂടിയ അളവിൽ അടങ്ങിയിട്ടുണ്ട് എന്ന കർണാടക സർക്കാരിന്റെ വാദം മന്ത്രാലയം തള്ളി. BIS

നിബന്ധനകൾ അനുസരിച്ചുള്ള ഇന്ധനം ആണ് ഉപഭോക്താക്കളിൽ എത്തുന്നതെന്ന് ഉറപ്പാക്കാൻ തങ്ങളുടെ വിതരണ ശൃംഖലയിൽ ഉടനീളം എണ്ണക്കമ്പനികൾക്ക് സംവിധാനം ഉണ്ടെന്നും മന്ത്രാലയം അറിയിച്ചു.

❁❁❁❁❁❁❁❁❁❁

L.K. ADVANI

ഇന്ത്യയുടെ മുൻ ഉപപ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ എൽ കെ അദ്വാനിയുടെ 99-ാം ജന്മദിനത്തിൽ ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ ആശംസകൾ നേർന്നു. ശ്രീ അദ്വാനിയുടെ പൊതുസേവനവും രാജ്യത്തോടുള്ള പ്രതിബദ്ധതയും ഇന്ത്യയുടെ ജനാധിപത്യ യാത്രയിലെ സുപ്രധാന അധ്യായമാണെന്ന് ഉപരാഷ്ട്രപതി അഭിപ്രായപ്പെട്ടു. 'രാഷ്ട്രം ആദ്യം' എന്ന തത്വത്തിൽ അധിഷ്ഠിതമായ അടിത്തറ ബിജെപിക്ക് നൽകിയത് എൽ കെ അദ്വാനിയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁

BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

❁❁❁❁❁❁❁❁❁❁

KOZHIKODE- SHIGELLA (INTRO)

കേരളത്തിൽ ഷിഗെല്ല സ്ഥിരീകരിച്ചതോടെ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി ആരോഗ്യവകുപ്പ്. തിരുവനന്തപുരത്തും തൃശൂരിലും ഓരോന്ന് വീതവും മലപ്പുറത്തും കോഴിക്കോടും മൂന്ന് പേർക്ക് വീതവും രോഗബാധ സ്ഥിരീകരിച്ചിട്ടുണ്ട്. കോഴിക്കോട് വടകരയിൽ ഷിഗെല്ല പ്രതിരോധ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. രോഗം സ്ഥിരീകരിച്ച മൂന്ന് പേരുടെ ആരോഗ്യ നില തൃപ്തികരമാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു...

(വോയിസ്)

❁❁❁❁❁❁❁❁❁❁

HEADLINES-5

RAIN- KERALAM

കേരളത്തിൽ ബുധനാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോട്ടയം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

❁❁❁❁❁❁❁❁❁❁

IMD & AQI

മാഹി, തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ എന്നിവിടങ്ങളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യത. ആന്ധ്രാപ്രദേശിലും ലക്ഷദ്വീപിലും ഇന്നും നാളെയും ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയുണ്ട്. അതേസമയം, ഡൽഹിയിൽ വായു ഗുണനിലവാരം മോശം വിഭാഗത്തിൽ തുടരുകയാണ്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൻറെ കണക്കനുസരിച്ച് വായു ഗുണനിലവാര സൂചിക 384 രേഖപ്പെടുത്തി.

❁❁❁❁❁❁❁❁❁❁

KALPATHY RATHOLSAVAM

പാലക്കാട് കൽപ്പാത്തി രഥോത്സവത്തിന് കൊടിയേറി. കൽപ്പാത്തിയിലെ നാല് അഗ്രഹാര ക്ഷേത്രങ്ങളിലാണ് രാവിലെ കൊടിയേറ്റ് ചടങ്ങുകൾ നടന്നത്. ഇൗ മാസം 14 മുതൽ 16 വരെയാണ് രഥോത്സവം. ദേവരഥ സംഗമം 16 ന് നടക്കും. രഥോത്സവത്തിന്റെ ഭാഗമായ കൽപ്പാത്തി ദേശീയ സംഗീതോത്സവം നാളെ വൈകീട്ട് മന്ത്രി പി.സി.വിഷ്ണുനാഥ് ഉദ്ഘാടനം ചെയ്യും.

❁❁❁❁❁❁❁❁❁❁

HEADLINES-4

DAY ISRAEL- NEW GOVT

മുൻ പ്രതിപക്ഷ നേതാവും,സൈനിക മേധാവിയുമായ ഗാഡി ഐസൻകോട്ട് ഇസ്രായേലിന്റെ പുതിയ പ്രധാനമന്ത്രിയാകും. രാഷ്ട്രീയ പാർട്ടികളുമായി നടത്തിയ ചർച്ചയ്ക്ക് ശേഷം ഇസ്രായേലി പ്രസിഡന്റ് ഇന്നലെ അറിയിച്ചതാണ് ഇക്കാര്യം.120 അംഗ നിയമ നിർമ്മാണ സഭയിൽ 67 അംഗങ്ങളുടെ പിന്തുണ ഐസൻകോട്ട് നേടിയിട്ടുണ്ട്. മുൻ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന് 46 അംഗങ്ങളുടെ പിന്തുണയാണുള്ളത്. 7 അംഗങ്ങൾ ഇരുപക്ഷത്തേയും പിന്തുണയ്ക്കാൻ വിസമ്മതിച്ചു. എന്നാൽ നെതന്യാഹുവുമായി ചേർന്ന് സർക്കാർ രൂപീകരിക്കുമെന്ന് വാർത്തകൾ ഐസൻകോട്ട് തള്ളിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁

US- IRON GATE TASK FORCE

ഇറാന് ആയുധങ്ങൾ ലഭ്യമാക്കുന്നത് തടയുന്നത് ലക്ഷ്യമിട്ട് പ്രത്യേക കർമ്മ സേനയ്ക്ക് രൂപം നൽകിയതായി യുഎസ് സെൻട്രൽ കമാൻഡ്."ടാസ്ക് ഫോഴ്സ് അയൺ ഗേറ്റ്" എന്ന് പേരിട്ടിരിക്കുന്ന ഈ സംവിധാനം, വിവിധ യുഎസ് ഏജൻസികളുമായി ചേർന്ന് പ്രവർത്തിക്കുമെന്നും , കാസ്പിയൻ കടൽ, ഇറാന്റെ കര അതിർത്തികൾ എന്നിവയിലൂടെയുള്ള ആയുധ നീക്കം തടയാൻ ശ്രമിക്കുമെന്നും കമാൻഡ്, പ്രസ്താവനയിൽ അറിയിച്ചു.

❁❁❁❁❁❁❁❁❁❁

RUSSIA UKRAINE

യുക്രൈനിലെ വിദേശ സേനകളുടെ സാന്നിധ്യം നിലവിലെ സംഘർഷം രൂക്ഷമാകാൻ വഴി തുറക്കുമെന്ന് റഷ്യ. നാളെ മുതൽ ഈ മാസം 22 വരെ യുക്രൈനിൽ ബഹുരാഷ്ട്ര സൈനിക അഭ്യാസം നടക്കാൻ ഇരിക്കെയാണ് റഷ്യ മുന്നറിയിപ്പ് നൽകിയത്. മേഖലയിലെ സമാധാനം ലക്ഷ്യമിട്ടു യുഎസ്-റഷ്യൻ-യുക്രൈൻ പ്രതിനിധികൾ ഈ മാസം 10,11 തീയതികളിൽ അബുദാബിയിൽ ചർച്ച നടത്തുന്നുണ്ട്.

❁❁❁❁❁❁❁❁❁❁

HEADLINES-6

CRICKET UNDER 19

ഏഷ്യ കപ്പ് അണ്ടർ - 19 പുരുഷ ക്രിക്കറ്റിൽ പാകിസ്ഥാനെതിരെ ഇന്ത്യയ്ക്ക് ബാറ്റിംഗ്. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 29 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 130 റൺ എടുത്തിട്ടുണ്ട്. ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തിരഞ്ഞെടുക്കുകയായിരുന്നു.

❁❁❁❁❁❁❁❁❁❁

CHENNAI OPEN TENNIS

ചെന്നൈ ഓപ്പൺ ടെന്നിസിൽ വൈഷ്ണവി അധികാർ -റുതൂജ ഭോസ്ലെ സഖ്യം ഫൈനലിൽ. ഇതോടെ WTA ടൂർ ലെവൽ -ഡബിൾസ് ഫൈനലിൽ കടക്കുന്ന ആദ്യ ഇന്ത്യൻ സഖ്യമായി ഇവർ മാറി. ഇന്ന് വൈകുന്നേരം നാലിന് നടക്കുന്ന ഫൈനലിൽ സ്വിറ്റ്സർലൻഡ് ജോഡിയെ ഇന്ത്യ നേരിടും.

❁❁❁❁❁❁❁❁❁❁

WRESTLING-SILVER

സെനഗലിൽ നടക്കുന്ന ഡാക്കർ യൂത്ത് ഒളിമ്പിക്സ് ഗെയിംസ് 2026 ൽ ബീച്ച് റെസ്ലിങ് ഇനത്തിൽ ഇന്ത്യൻ വനിതാ താരം ടാനിയയ്ക്ക് വെള്ളി. 75 കിലോഗ്രാം വിഭാഗം ഫൈനലിൽ ചൈനീസ് താരത്തോടാണ് ടാനിയ പരാജയപ്പെട്ടത്.

❁❁❁❁❁❁❁❁❁❁

SBI BRANCH TEXAS

യൂ എസ്സിൽ ഇന്ത്യയുടെ ബാങ്കിങ് സാന്നിധ്യം ശക്തിപ്പെടുത്താനും ഉപഭോക്താക്കൾക്ക് സാമ്പത്തിക സേവനങ്ങൾ വിപുലീകരിക്കുന്നതിന്റെയും ഭാഗമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ടെക്സസിൽ പുതിയ ശാഖ തുറന്നു. കാലിഫോർണിയ ആസ്ഥാനമായുള്ള SBI-യുടെ ഉപസ്ഥാപനം, സംസ്ഥാനത്തിന് പുറത്തേക്ക് വ്യാപിപ്പിക്കുന്ന ആദ്യത്തെ ചുവടുവയ്പ്പാണിത്.

❁❁❁❁❁❁❁❁❁❁
❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁